## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

**പ്രവചന കാലയളവ് 01.11.2023 മുതൽ 05.11.2023 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 44/2023, (87) ചൊവ്വാഴ്ച | തീയ്യതി 31/10/2023 |
|---|---|

| കഴിഞ്ഞആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2023 ഒക്ടോബർ 25 മുതൽ ഒക്ടോബർ 31 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | | കാലാവസ്ഥാ പ്രവചനം (നവംബർ 01 മുതൽ നവംബർ 05 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 25/10 | 26/10 | 27/10 | 28/10 | 29/10 | 30/10 | 31/10 | തീയ്യതി | | 01/11 | 02/11 | 03/11 | 04/11 | 05/11 |
| 0.0 | 3.4 | 4.6 | 0.0 | 0.0 | 24.6 | 7.0 | മഴ (മില്ലീമീറ്റർ) | | 11 | 10 | 9 | 10 | 7 |
| 33.0 | 32.5 | 33.7 | 34.1 | 34.9 | 33.9 | 33.3 | ഉയർന്ന താപനില (°C) | | 32 | 34 | 34 | 34 | 34 |
| 24.5 | 24.1 | 24.5 | 25.1 | 25.2 | 21.0 | 23.9 | കുറഞ്ഞ താപനില (°C) | | 24 | 22 | 22 | 22 | 25 |
| Overcast | Partially Cloudy | Partially Cloudy | Partially Cloudy | Cloudy | Cloudy | Partially Cloudy | AM | മേഘ വ്യാപ്തി (ഒക്ടാ) | Overcast | Overcast | Overcast | Overcast | Overcast |
| Overcast | Overcast | Overcast | Cloudy | Cloudy | Overcast | | PM | | | | | | |
| 93 | 89 | 93 | 97 | 87 | 98 | 88 | കൂടിയ അന്തരീക്ഷ ആർദ്രത (%) | | 95 | 95 | 95 | 96 | 96 |
| 69 | 55 | 51 | 54 | 61 | 61 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | | 67 | 70 | 70 | 75 | 75 |
| 1.4 | 1.1 | 0.6 | 1.7 | 1.8 | 2.0 | 1.4 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | | 2 | 2 | 2 | 2 | 2 |
| C | C | C | C | E | C | C | AM | കാറ്റിന്റെ ദിശ (ഡിഗ്രി ) | WSW | W | SW | SW | WSW |
| SW | C | C | NE | SW | NNE | | PM | | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2023 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/10/23 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 39.6 | 1805.8 | 186.8 |

കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക സാധ്യത. കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (Thrissur District)

പൊതുനിർദേശങ്ങൾ: കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്. താഴ്ന്ന പ്രദേശങ്ങളിൽ നീർവാർച്ച സൗകര്യം ഉറപ്പാക്കുക.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് മുണ്ടകൻ (ഞാറുപരുവം) | - | ഞാറ് നട്ട് ഒരു മാസമായ പാടശേഖരങ്ങളിൽ ഒരു ഏക്കറിന് 100 കിലോഗ്രാം കുമ്മായം ഇട്ടുകൊടുക്കാവുന്നതാണ് . |
| തെങ്ങ് | - | തെങ്ങിൻ തടത്തിൽ മണ്ണിന്റെ നനവ് നിലനിർത്തുന്നതിനു വേണ്ടി തടങ്ങളിൽ പച്ചയോ ഉണങ്ങിയതോ ആയ ചകിരി ഇട്ട് മൂടാവുന്നതാണ്. തെങ്ങിന്റെ ചുവട്ടിൽ നിന്ന് മൂന്നു മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാലു കീറിയോ, ഓരോ തെങ്ങിന്റെ കടക്കചുറ്റും തടിയിൽ നിന്നും രണ്ടു മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകൾ എടുത്തോ, അതിൽ ചകിരികൾ നിരത്തിയശേഷം മണ്ണിട്ട് മൂടാം. ചകിരിയുടെ കുഴിഞ്ഞ ഉൾഭാഗം മുകളിലേക്ക് വരത്തക്കവിധത്തിലാണ് ചകിരി ചാലുകളിൽ അടുക്കേണ്ടത്. ഇതിനു മുകളിൽ മണ്ണിട്ട് മൂടണം. |
| ഇഞ്ചി | മൂടുചീയൽ | ഇഞ്ചിയിൽ മൂടുചീയൽ രോഗം കാണുകയാണെങ്കിൽ രോഗബാധിതമായ ചെടികൾ കിളച്ചുമാറ്റി 2 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ഒഴിക്കുക. രോഗം വ്യാപിക്കാതിരിക്കാൻ മൂന്ന് മീറ്റർ സ്ക്വയർ ബെഡിന് 15 ഗ്രാം ബ്ലീച്ചിങ് പൗഡറും, 250 ഗ്രാം കുമ്മായവും കൂട്ടി കലർത്തി തടത്തിൽ ഇട്ടുകൊടുക്കാവുന്നതാണ്. |
| കുരുമുളക് | പൊള്ളു രോഗം | കുരുമുളക് ചെടികളിൽ പൊള്ളു രോഗം കാണാൻ സാധ്യതയുണ്ട്. ഇതിനെ നിയന്ത്രിക്കാനായി തോട്ടത്തിൽ തണൽ ക്രമീകരിക്കുകയും, 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുകയും ചെയ്യുക. കൂടാതെ കാർബെന്ററാസിമും, മാങ്കൊസെബും ഒരു ലിറ്റർ വെള്ളത്തിൽ ഒരു ഗ്രാം എന്ന തോതിൽ കലർത്തി തളിച്ച് കൊടുക്കാവുന്നതാണ്. |

മൃഗസംരക്ഷണം:- എലിപ്പനിക്കും ബാഹ്യപരാദങ്ങൾക്കും എതിരെ ജാഗ്രത പുലർത്തുക. കാലിത്തീറ്റയിൽ പൂപ്പൽ വിഷബാധ ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കുക.ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. (CAADECCS KVASU, Mannuthy)